പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 4487

04.02.2014-ൽ മറുപടി
നൽകേണ്ടത്

## ഭൂരഹിതരില്ലാത്ത ജില്ലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. നാരായണൻ<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, ടി. വി. രാജേഷ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ വിവിധ ജില്ലകളിലായി ഭൂമി ലഭിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഇത്തരം അപേക്ഷകളിൽ റവന്യൂ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിൽ, ഭൂമി ലഭിക്കുന്നതിനുള്ള ധാരാളം അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അപേക്ഷ ഏത് തരം ഭൂമി പതിവിനുള്ളതാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിക്കുന്നത്. |
| (ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ അപേക്ഷ നൽകിയ മുഴുവൻ പേർക്കും ഭൂമി നൽകാൻ കഴിഞ്ഞിട്ടുണ്ടോ; അപേക്ഷ നിരസിക്കപ്പെട്ടവർ ഉണ്ടോ; എങ്കിൽ എത്ര ; നിരസിക്കാനുള്ള കാരണം വ്യക്തമാക്കാമോ ; | (ബി) "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015" പ്രകാരം ഭൂമി ലഭിക്കുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിൽ 18921 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിരുന്ന ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. 7888 അപേക്ഷകൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിക്കാൻ അർഹത ഇല്ലെന്ന് കണ്ടതിനാൽ നിരസിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളാണ് ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുള്ളത്; ഭൂരഹിതരെ കണ്ടെത്തുന്നതിന് ജില്ലാതലത്തിൽ സർവ്വേകൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ ; കണ്ണൂ | (സി) "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015"-ന്റെ ഒന്നാംഘട്ടത്തിൽ, മുഴുവൻ ഗുണഭോക്താക്കൾക്കും പട്ടയം നൽകിക്കൊണ്ട് കണ്ണൂരിനെ ഭൂരഹിത കുടുംബങ്ങളില്ലാത്ത ജില്ലയായി പ്രഖ്യാപിക്കാൻ |

| | |
|---|---|
| രിനെ ഭൂരഹിതരില്ലാത്ത ജില്ലയെന്ന് ഉറപ്പു വരുത്തുന്നതിന് എന്ത് മാർഗ്ഗമാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ? | കഴിഞ്ഞിട്ടുണ്ട്.<br><br>പദ്ധതി പ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷകളിന്മേൽ ജില്ലാ തലത്തിൽ അന്വേഷണം നടത്തി പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് ഭൂരഹിത കുടുംബങ്ങളെ കണ്ടെത്തുന്നത്.<br><br>അർഹരായ മുഴുവൻ പേർക്കും ഒന്നാംഘട്ടമായി പട്ടയം നൽകാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് കണ്ണൂരിനെ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ചത്. |

സെക്ഷൻ ഓഫീസർ